**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3565** | **02-03-2023 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവകലാശാലകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ സർവകലാശാലകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ചിട്ടുള്ള നിവേദനം പരിശോധിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തിക ഉണ്ടായിട്ടും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബിരുദാനന്തര ബിരുദ കോഴ്സ് കേരളത്തിലെ കോളേജുകളിലോ സർവകലാശാല പഠന വകുപ്പുകളിലോ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 'എ' യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | കേരള, എം.ജി. സർവകലാശാലകളിൽ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കാലിക്കറ്റ് സർവകലാശാലയിൽ ബി.എ. ഫംങ്ഷണൽ ഇംഗ്ലീഷ് എന്ന പേരിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ ബിരുദ കോഴ്സുകൾ ഉണ്ടായിരിക്കെ പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് കേരളത്തിലെ കോളേജുകളിലും സർവകലാശാല പഠന വകുപ്പുകളിലും എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഇതിനായി എന്തെങ്കിലും മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | 'എ' യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ